# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 478** **10.06.2014-ലെ മറുപടിക്ക്**

**<u>സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| | **ശ്രീ. പി. ശ്രീരാമകൃഷ്ണൻ** | **ശ്രീ. കെ.എം. മാണി**<br>**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി** |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ താത്ക്കാലിക കണക്കുകൾ പ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ റവന്യൂ വരുമാനം വർദ്ധിക്കാതിരുന്ന സാഹചര്യത്തിൽ സാമ്പത്തിക ഞെരുക്കം ഉണ്ടായിരുന്നു.<br>വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി അധിക വിഭവ സമാഹരണം ലക്ഷ്യമിട്ടുകൊണ്ട്, പുതിയ നികുതി-നികുതിയേതര വരുമാനങ്ങൾ കണ്ടെത്തുന്നതിനും നിലവിലെ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ റവന്യൂ ചെലവ് ചുരുക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. 28.04.14-ലെ സർക്കാർ ഉത്തരവ് നം. 151 പ്രകാരം അധിക വിഭവസമാഹരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശുപാർശകൾ ലഭിക്കുന്നമുറയ്ക്ക് സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | ഇത്തരം നടപടികളിലൂടെ അധിക വിഭവ സമാഹരണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; | |
| (സി) | സർക്കാർ 2014 ജനുവരി 1 മുതൽ നാളിതുവരെ എത്ര രൂപ കടമെടുത്തു; ഇനിയും കടമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | സർക്കാർ 2014 ജനുവരി 1 മുതൽ മേയ് 31 വരെ 6300 കോടി രൂപ പൊതുവിപണിയിൽ നിന്നും കടമെടുത്തിട്ടുണ്ട്. സംസ്ഥാനത്തിനനുവദിച്ചിട്ടുള്ള വായ്പാപരിധിക്കുള്ളിൽ നിന്നുകൊണ്ട് കടമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

| | | |
|---|---|---|
| (ഡി) | സാമ്പത്തിക പ്രതിസന്ധി മൂലം സംസ്ഥാന സർക്കാർ പദ്ധതികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാർക്ക് ബിൽകുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര തുകയുടേത് ; | പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.08.2013 മുതൽ 31.01.2014 വരെ 714 കോടി രൂപയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 01.08.13 മുതൽ 31.03.14 വരെ 337.91 കോടി രൂപയും ജലവിഭവ വകുപ്പിൽ 01.09.13 മുതൽ 31.10.13 വരെ 44.29 കോടി രൂപയും ഉൾപ്പെടെ ആകെ 1096.2 കോടി രൂപ കരാറുകാർക്ക് കുടിശികയായി നൽകാനുണ്ട്. |
| (ഇ) | ഏതുമാസം മുതലുള്ള ബില്ലുകളാണ് കരാറുകാർക്ക് നൽകാനുള്ളത്; ഇത് നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ; ഇതിനുള്ള പരിഹാര നിർദ്ദേശങ്ങൾ എന്തെങ്കിലും സർക്കാർനടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ? | പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.08.2013 മുതൽക്കും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 01.08.13 മുതൽക്കും ജലവിഭവ വകുപ്പിൽ 01.09.13 മുതൽക്കുമുള്ള കുടിശിക നൽകാനുണ്ട്. ഇത് നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കിയെന്നു കരുതുന്നില്ല. കരാറുകാരുടെ കുടിശിക ഘട്ടംഘട്ടമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിലെ 2013 ആഗസ്റ്റ് മാസത്തെ ബില്ലുകളും ജലസേചന വകുപ്പിലെ 2013 സെപ്റ്റംബർ മാസത്തെ ബില്ലുകളും ഉടനെ കൊടുത്തു തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ